**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4330 24.10.2016 – ൽ മറുപടിയ്ക്ക്

## മുതിർന്ന പൗരൻമാരുടെ പരാതികൾ

ചോദ്യം
ശ്രീ.എം.ഉമ്മർ

ഉത്തരം
ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മുതിർന്ന പൗരൻമാർ സമർപ്പിക്കുന്ന ഹർജികളിന്മേൽ അടിയന്തര പ്രാധാന്യത്തോടെ റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ ബന്ധപ്പെട്ട വകുപ്പുകളും ഉദ്യോഗസ്ഥരും അനാവശ്യമായ കാലതാമസം വരുത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല |
| (ബി) | എങ്കിൽ വകുപ്പുകൾക്കും ജീവനക്കാർക്കും അതു സംബന്ധിച്ച് ആവശ്യമായ കർശന നിർദ്ദേശം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) | മുതിർന്ന പൗരന്മാർ വകുപ്പുമായി ബന്ധപ്പെട്ട് സമർപ്പിക്കുന്ന ഹർജി കളിന്മേൽ അടിയന്തര പ്രാധാന്യ ത്തോടെ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മുതിർന്ന പൗരന്മാരുടെ പരാതികൾക്ക് ജീവനക്കാർ മുൻഗണന കൊടുക്കാറുണ്ട്. |
| (സി) | മുതിർന്ന പൗരൻമാരുടെ പരാതികൾ സംബന്ധിച്ചുള്ള മേൽ നടപടികൾ മോണിറ്ററിംഗ് നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | മുതിർന്ന പൗരന്മാർ സമർപ്പിക്കുന്ന പരാതികളിന്മേൽ നടപടി സ്വീകരിക്കുന്നതിനും മോണിറ്ററിംഗ് നടത്തുന്നതിനും ജില്ലാ സാമൂഹ്യനീതി ഓഫീസർമാരെ ചുമതലപ്പെടുത്തി യിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**